REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 10-09-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- ഇന്ത്യൻ സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്ററിന്റെ ആദ്യ സ്ഥാപക ദിനാഘോഷത്തിന് ഡൽഹിയിൽ തുടക്കമായി.
- ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പൂർണ രൂപം പ്രത്യേക അന്വേഷണ സംഘത്തിന് കൈമാറാൻ സംസ്ഥാന ഗവൺമെന്റിന് ഹൈക്കോടതി നിർദേശം.
- KSRTC യ്ക്ക് സംസ്ഥാന ഗവൺമെന്റ് 74 കോടി 20 ലക്ഷം രൂപ കൂടി അനുവദിച്ചു.
- പ്രഥമ PP മുകുന്ദൻ സേവാ പുരസ്കാരം കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപിയ്ക്ക് അടുത്ത വെള്ളിയാഴ്ച കോഴിക്കോട്ട് സമ്മാനിയ്ക്കും.
- പാരിസ് പാരാലിമ്പിക്സിൽ പങ്കെടുത്ത ഇന്ത്യൻ സംഘം ഡൽഹിയിൽ തിരിച്ചെത്തി.
- കോഴിക്കോട് കൊമ്മേരിയിൽ 53 പേർക്ക് മഞ്ഞപ്പിത്ത ബാധ.

## വാർത്തകൾ വിശദമായി

**ഇന്ത്യൻ സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്ററിന്റെ ആദ്യ സ്ഥാപക ദിനാഘോഷത്തെ ആഭ്യന്തര മന്ത്രി അമിത്ഷാ അഭിസംബോധന ചെയ്തു. സൈബർ കുറ്റകൃത്യങ്ങൾക്കെതിരായ സുപ്രധാന സംരംഭങ്ങൾക്ക് തുടക്കം കുറിച്ച് സൈബർ ഫ്രോഡ് മിറ്റിഗേഷൻ സെന്റർ അദ്ദേഹം രാജ്യത്തിന് സമർപ്പിക്കുകയാണ്. സൈബർ കുറ്റകൃത്യങ്ങളും, അന്വേഷണവുമായി ബന്ധപ്പെട്ട സംയുക്ത സംവിധാനം 'സമന്വയ' ചടങ്ങിൽ അമിത്ഷാ ഉദ്ഘാടനം ചെയ്യും.**

**സൈബർ കുറ്റകൃത്യങ്ങളുടെ ഭീഷണി നേരിടാൻ സംസ്ഥാനങ്ങളിലും, കേന്ദ്രഭരണ പ്രദേശങ്ങളിലും പ്രത്യേക പരിശീലനം ലഭിച്ചവരെ ഉൾപ്പെടുത്തി, സൈബർ കമാൻഡോസ് പരിപാടിയ്ക്കും ആഭ്യന്തരമന്ത്രി തുടക്കമിട്ടു. സാമ്പത്തിക തട്ടിപ്പുകളുമായി ബന്ധപ്പെട്ടവരുടെ സസ്പെക്ട് രജിസ്ട്രിയും അമിത്ഷാ പ്രകാശനം ചെയ്യും.**

**✪✪✪**

**ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പൂർണ രൂപം ഗവൺമെന്റ് രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘത്തിന് കൈമാറാൻ സംസ്ഥാന ഗവൺമെന്റിന് ഹൈക്കോടതി നിർദേശം നൽകി. സംസ്ഥാനം നിഷ്ക്രിയത്വം കാണിച്ചുവെന്ന് കുറ്റപ്പെടുത്തിയ കോടതി , 2021-ൽ റിപ്പോർട്ട് DGPക്ക് കൈമാറിയിട്ടും നടപടിയെടുക്കാത്തത് എന്തു കൊണ്ടാണെന്ന് ചോദിച്ചു. പ്രത്യേക അന്വേഷണ സംഘം വിവിധ സ്റ്റേഷനുകളിലായി 23 കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് സംസ്ഥാനത്തിന് വേണ്ടി ഹാജരായ അഡ്വക്കറ്റ് ജനറൽ മറുപടി നൽകി.**

**ഗവൺമെന്റിന്റേത് അതിശയിപ്പിക്കുന്ന നിഷ്ക്രിയത്വമാണെന്നും കോടതിക്ക് അത്തരത്തിൽ വെറുതെ ഇരിക്കാനാവില്ലെന്നും കേസ് പരിഗണിച്ച ജസ്റ്റിസുമാരായ A.K ജയശങ്കരൻ നമ്പ്യാർ, C.S സുധ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ബലാത്സംഗം, പോക്സോ കേസുകൾ രജിസ്റ്റർ ചെയ്യാൻ വസ്തുതകളുണ്ടെന്നും കോടതി പറഞ്ഞു.**

**✪✪✪**

**ലോക്സഭാ തെരഞ്ഞെടുപ്പ് വേളയിൽ വ്യാജ കാഫിർ സ്ക്രീൻ ഷോട്ട് പ്രചരിപ്പിച്ച കേസിൽ അന്വേഷണം അകാരണമായി വൈകിപ്പിക്കരുതെന്ന് ഹൈക്കോടതി നിർദ്ദേശിച്ചു. പിടിച്ചെടുത്ത മൊബൈൽ ഫോണുകളുടെ ഫോറൻസിക് പരിശോധന ഉടൻ പൂർത്തിയാക്കണം. വ്യാജ സ്ക്രീൻ ഷോട്ട് പ്രചരിപ്പിച്ചതിൽ ശരിയായ അന്വേഷണം വേണമെന്നാവശ്യപ്പെട്ട് MSF നേതാവ് മുഹമ്മദ് കാസിം നൽകിയ ഹർജി പരിഗണിക്കുകയായിരുന്നു ഹൈക്കോടതി.**

**✪✪✪**

**RSS -നെ അനുകൂലിച്ച് സ്പീക്കർ A.N ഷംസീർ നടത്തിയ പ്രസ്താവന ഒഴിവാക്കേണ്ടതായിരുന്നുവെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. സ്പീക്കറിന്റെ പ്രസ്താവന ഒരുപാട് ദുർവ്യാഖ്യാനങ്ങൾക്ക് ഇടയാക്കുന്നുണ്ടെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.**

**ADGP, ഉന്നത RSS നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയത് എന്തിനാണെന്നറിയാൻ പൊതുസമൂഹം ആഗ്രഹിക്കുന്നുണ്ടെന്ന് ബിനോയ് വിശ്വം പറഞ്ഞു.**

✪✪✪

KSRTC യ്ക്ക് സംസ്ഥാന ഗവൺമെന്റ് 74 കോടി 20 ലക്ഷം രൂപ കൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ തിരുവനന്തപുരത്ത് അറിയിച്ചു. പെൻഷൻ വിതരണത്തിന് പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്ന് കോർപറേഷൻ എടുത്ത വായ്പയുടെ തിരിച്ചടവിനാണ് തുക നൽകിയത്. ഇതോടെ ഈ വർഷം KSRTC യ്ക്ക് ഗവൺമെന്റ് വകയിരുത്തിയ 900 കോടി രൂപയിൽ 864 കോടി 91 ലക്ഷം രൂപയും കൈമാറി.

✪✪✪

സംസ്ഥാനത്തെ വെള്ള, നീല റേഷൻകാർഡ് ഉടമകൾക്ക് ഓണത്തിന് പത്ത് കിലോ അരി അധികമായി നൽകുമെന്ന് മന്ത്രി G R അനിൽ തിരുവനന്തപുരത്ത് അറിയിച്ചു. 52 ലക്ഷം കുടുംബങ്ങൾക്ക് മട്ടഅരിയാണ് വിതരണം ചെയ്യുന്നത്. BPL കാർഡുകാരുടെ 30 കിലോ അരിയിൽ പകുതി മട്ടയരി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

✪✪✪

അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന അപേക്ഷ നൽകുന്നതിന് തിയതി നീട്ടി. ഈ മാസം 23 വരെ ഓൺലൈനായി അപേക്ഷ നൽകാമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു. നേരത്തെ ഇന്നു വരെയാണ് അപേക്ഷ നൽകാൻ സമയപരിധി നിശ്ചയിച്ചിരുന്നത്.

✪✪✪

അഹമ്മദാബാദിലെ ഏകതാപ്രതിമയിൽ വിള്ളലുകൾ പ്രത്യക്ഷപ്പെട്ടെന്നും അത് എപ്പോൾ വേണമെങ്കിലും തകരാമെന്നും പ്രചരിക്കുന്ന വാർത്തകൾ വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ അറിയിച്ചു. സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന ചിത്രം 2018-ലെ നിർമ്മാണഘട്ടത്തിലേതാണെന്നും PIB അറിയിച്ചു.

✪✪✪

കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി, UAE വ്യവസായ, അഡ്വാൻസ്ഡ് ടെക്നോളജി മന്ത്രി സുൽത്താൻ അഹമ്മദ് അൽ ജാബറുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഹൈഡ്രോകാർബൺ മൂല്യ ശൃംഖലയിലെ സമഗ്ര പങ്കാളിത്തം കൂടുതൽ ഉറപ്പിക്കുന്നതിന് സാധ്യതകൾ ഇരുവരും ചർച്ച ചെയ്തു.

✪✪✪

പ്രഥമ PP മുകുന്ദൻ സേവാ പുരസ്കാരം കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപിയ്ക്ക് അടുത്ത വെള്ളിയാഴ്ച കോഴിക്കോട്ട് "വന്ദേമുകുന്ദം" പരിപാടിയിൽ ഗോവ ഗവർണർ PS ശ്രീധരൻ പിള്ള സമ്മാനിക്കും. വർഷങ്ങളായി രാഷ്ട്രീയ സാമൂഹിക സേവന രംഗങ്ങളിൽ നിറസാന്നിധ്യമായി മാറിയ വ്യക്തിയെന്ന നിലയിലാണ് സുരേഷ്ഗോപിയെ അവാർഡിന് തെരഞ്ഞെടുത്തതെന്ന് ജൂറി അംഗങ്ങൾ അറിയിച്ചു.

✪✪✪

സംസ്ഥാനത്തിന് ആവശ്യമായ പഴങ്ങളും പച്ചക്കറികളും കേരളത്തിൽ തന്നെ ഉൽപാദിപ്പിക്കണമെന്ന് മന്ത്രി P പ്രസാദ് പറഞ്ഞു. അങ്കമാലിയിൽ കർഷകർക്ക് തിരിച്ചറിയൽ കാർഡിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

നവംബർ മാസത്തോടെ സമഗ്ര കാർഷിക പദ്ധതി തയാറാക്കണമെന്നും, ഇതിനാവശ്യമായ എല്ലാ സഹായങ്ങളും ഉറപ്പു വരുത്തുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിന്റെ സപ്തതി ആഘോഷങ്ങളുടെ ഭാഗമായി ലോഗോ പ്രകാശനവും ബിരുദദാനച്ചടങ്ങിന്റെ ഉദ്ഘാടനവും മന്ത്രി ഡോ R. ബിന്ദു നിർവ്വഹിച്ചു. ചടങ്ങിൽ അഞ്ഞൂറോളം വിദ്യാർത്ഥിനികൾ ബിരുദം ഏറ്റുവാങ്ങി.

✪✪✪

ഇന്ന് ലോക ആത്മഹത്യ പ്രതിരോധ ദിനം. ആത്മഹത്യ പ്രവണത തടയുന്നതിന് അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ലോകാരോഗ്യ സംഘടനയും ആത്മഹത്യാ പ്രതിരോധ രാജ്യാന്തര സംഘടനയും ചേർന്ന് എല്ലാവർഷവും സെപ്തംബർ പത്തിന് ലോക ആത്മഹത്യ പ്രതിരോധ ദിനം ആചരിക്കുന്നത്. ഓരോ 40 സെക്കന്റിലും ഒരാൾ വീതം ആത്മഹത്യ ചെയ്യുന്നുണ്ടെന്നാണ് ഔദ്യോഗിക കണക്ക്.

✪✪✪

സംസ്ഥാനത്ത് ഇന്ന് ചില സ്ഥലങ്ങളിൽ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

✪✪✪

പാരിസ് പാരാലിമ്പിക്സിൽ പങ്കെടുത്ത ഇന്ത്യൻ സംഘം ഡൽഹിയിൽ തിരിച്ചെത്തി. താരങ്ങൾക്ക് വിമാനത്താവളത്തിൽ ഊഷ്മള സ്വീകരണം

നൽകി. ഏഴു സ്വർണവും ഒമ്പത് വെള്ളിയും 13 വെങ്കലവുമുൾപ്പെടെ 29 മെഡലുകളാണ് താരങ്ങൾ നേടിയത്.

✪✪✪

സംസ്ഥാന സീനിയർ ഫുട്ബോൾ കിരീടം കോട്ടയത്തിന്. പാലായിൽ എതിരില്ലാത്ത ഒരു ഗോളിന് തിരുവനന്തപുരത്തെയാണ് കോട്ടയം പരാജയപ്പെടുത്തിയത്. തൃശൂരാണ് മൂന്നാം സ്ഥാനത്ത്.

✪✪✪

കേരള സൂപ്പർ ലീഗ് ഫുട്ബോളിൽ കാലിക്കറ്റ് FC യുടെ ആദ്യമത്സരം ഇന്ന്. തിരുവനന്തപുരം കൊമ്പൻസിനെ അവർ വൈകീട്ട് ഏഴിന് കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നേരിടും. സന്തോഷ് ട്രോഫി കേരള ക്യാപറ്റൻ ജിജോ ജോസഫിന്റെ നേതൃത്വത്തിലാണ് കാലിക്കറ്റ് FC ഗ്രൗണ്ടിലിറങ്ങുന്നത്.

ഇന്നലെ മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ കണ്ണൂർ വാരിയേഴ്സ്, തൃശൂർ മാജിക് FC യെ ഒന്നിനെതിരെ രണ്ട് ഗോളിന് തോൽപ്പിച്ചു.

കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം, മഞ്ചേരി എന്നിവിടങ്ങളിൽ രണ്ടുമാസം കൊണ്ടാണ് സൂപ്പർ ലീഗ് കേരള ഫുട്ബോൾ മത്സരങ്ങൾ പൂർത്തിയാകുന്നത്.

✪✪✪

പമ്പാനദിയിൽ ഈ മാസം 14 ന് നടത്താൻ നിശ്ചയിച്ചിരുന്ന KC മാമൻ മാപ്പിള ട്രോഫി, ഉത്രാടം തിരുനാൾ ജലമേള നിരോധിച്ചു. ഹൈക്കോടി ഉത്തരവും, സംഘർഷസാധ്യതയും കണക്കിലെടുത്താണ് നടപടി.

✪✪✪

റിയൽ എസ്റ്റേറ്റ് ഇടനിലകാരൻ മുഹമ്മദ് ആട്ടൂരിനെ കാണാതായ കേസിൽ ക്രൈംബ്രാഞ്ച് അന്വേഷണം ഇന്ന് ആരംഭിക്കും. I.G, P.പ്രകാശിന്റെ നേതൃത്വത്തിലാണ് അന്വേഷണം. ഇന്നലെ IG യുമായി ആട്ടൂരിന്റെ കുടുംബവും ആക്ഷൻ കമ്മിറ്റി ഭാരവാഹികളും കൂടിക്കാഴ്ച നടത്തി.

✪✪✪

കോഴിക്കോട് കൊമ്മേരിയിൽ 53 പേർക്ക് മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്തു. ഇവരുടെ ആരോഗ്യ നില തൃപ്തികരമാണ്. കോഴിക്കോട് കോർപ്പറേഷൻ ആരോഗ്യ വിഭാഗം മേഖലയിൽ മെഡിക്കൽ ക്യാംപും ബോധവത്കരണ പ്രവർത്തനങ്ങളും ക്ലോറിനേഷനും സംഘടിപ്പിച്ചു.

✪✪✪

ഓണത്തിന് കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന ഓണസമൃദ്ധി 2024 കർഷക ചന്ത നാളെ ആരംഭിക്കും. സംസ്ഥാനതല ഉദ്ഘാടനം ഇന്ന് വൈകിട്ട് തിരുവനന്തപുരം വികാസ് ഭവൻ അങ്കണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ താവക്കരയിലെ ഒരു ജ്വല്ലറിയിൽ നിന്ന് 9 ലക്ഷത്തോളം രൂപയുടെ വെള്ളി ആഭരണങ്ങൾ കവർച്ച ചെയ്ത കേസിലെ പ്രതിയെ ടൗൺ പോലീസ് അറസ്റ്റു ചെയ്തു ഹരിയാന സ്വദേശി ദർവേന്ദ്രകുമാറാണ് പിടിയിലായത്.

കണ്ണൂർ ടൗൺ, വൈത്തിരി ഉൾപ്പെടെ പോലീസ് സ്റ്റേഷനുകളിലും ഇയാൾക്കെതിരെ കേസുകളുണ്ട്.

✪✪✪

സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ എറണാകുളം സിറ്റിംഗ് ഉച്ചയ്ക്ക് എറണാകുളം ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ചേരും. കമ്മീഷൻ ചെയർമാൻ A. A .റഷീദ് ഹർജികൾ പരിഗണിക്കും. പുതിയ പരാതികളും സ്വീകരിക്കും.

✪✪✪